# സത്യവെളിച്ചം

## യോഹന്നാൻ 15:16

**"നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിന്നും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്ന തൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ."**

പ്രിയപ്പെട്ടവരെ, നമ്മൾ കർത്താവിനാൽ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. നമ്മുടെ ബലഹീനതയിലും കുറവുകളിലും നാം ഒരിക്കലും നിരാശപ്പെടരുത്. നമ്മുടെ ബലഹീനതയിൽ കർത്താവിന്റെ ശക്തി വെളിപ്പെടും. ദൈവവചനത്തിൽ നമ്മുടെ ഹൃദയത്തെ നിറച്ചുകൊള്ളുക. അതാണ് യോഹന്നാൻ പറയുന്നത് ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു. അത് ക്രിസ്തു മാത്രമാണ്.

ക്രിസ്തുവിലുള്ള എന്റെ പ്രിയ സഹോദരീസഹോദരന്മാരേ, നാമെല്ലാവരും ഈ വെളിച്ചത്തെ പ്രാപിച്ചാൽ, ഇരുൾ (പിശാച്) അതിനെ പിടിച്ചടക്കുകയില്ല. ദൈവവചനം നമ്മെ എല്ലാ പൈശാചിക പരീക്ഷണങ്ങളിൽനിന്നും കാത്തു പരിപാലിക്കും. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല. **യോഹന്നാൻ 1:5** ലോകത്തിനു കിഴ്പ്പെട്ടു ജീവിപ്പാനല്ല അവിടുന്ന് നമ്മളെ തിരഞ്ഞെടുത്തിരിക്കുന്നത്. പൂർണ്ണ അന്ധകാരത്തിൽ അല്ലെങ്കിൽ പാതി അന്ധകാരത്തിൽ നിൽക്കുവാനുമല്ല അവിടുന്ന് നമ്മളെ വിളിച്ചിരിക്കുന്നത് പിന്നെയോ അവിടുത്തെ വിളിയുടെ അർത്ഥം മനസിലാക്കി പൂർണ്ണ വെളിച്ചത്തിൽ ഈ ലോകത്തിൽ ജീവിപ്പാൻ നമുക്ക് ഇടയാകണം. ലോകസൃഷ്ടിക്കു മുന്നെ തന്നെ, ദൈവം മാനവരാശിയെയാകെ യേശുക്രിസ്തുവിൽ തിരഞ്ഞെടുക്കയും നമ്മെയെല്ലാം നീതിമാന്മാരാക്കി രക്ഷിക്കണമെന്ന് അവന്റെ മനസിലുറപ്പിക്കയും ചെയ്തു. യേശു വ്യവസ്ഥകളില്ലാതെ നമ്മെ സ്നേഹിക്കുന്നു. അവനെ ഒരു വേർതിരിക്കുന്ന ദൈവമാക്കാതിരിക്കുക. അവിശ്വാസികൾ അവരുടെ സ്വന്തം ചിന്തകളിൽ വിശ്വസിക്കുമ്പോൾ വിശ്വാസികൾ അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാക്കുന്നത് എഴുതപ്പെട്ട ദൈവവചനമാണ്.

മനുഷ്യന് ദൈവഹിതത്തോടു വിധേയത്വമില്ലെങ്കിൽ, അവൻ നശിക്കുന്ന ഒരു മൃഗമെന്നപോലെയാകും. നമ്മൾ വിശ്വാസികൾ മൃഗങ്ങളല്ലാത്തതിനാൽ, ദൈവ വചനത്തിൽ എഴുതിയിരിക്കുന്ന സത്യം വായിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന

യഥാർത്ഥ വിശ്വാസികളാകണം. വിശ്വാസത്താൽ ജീവിക്കുന്ന നാം വിശ്വാസത്തിൽ വളർന്നു വിശ്വാസത്തിന്റെ പൂർണത പ്രാപിക്കണം.

എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല". എബ്രായർ 10:38

ദൈവം പറയുന്ന വാക്കുകൾ അങ്ങനെ തന്നെയെന്ന് വിശ്വസിക്കാൻ കഴിയുന്നത് ഒരു ദൈവപൈതലിനു മാത്രമാണ്. ഈ ലോകത്തിലെ ജ്ഞാനികൾക്കു അതു ഗ്രഹിക്കുവാനും, വിശ്വസിക്കുവാനും പ്രയാസമാണ്. നോഹയുടെ ജീവിതാനുഭവം നമ്മുക്ക് അറിയാം. അവനോടു ദയ കാണിക്കുവാൻ ഒരേ ഒരു കാരണം മാത്രമേയുള്ളു. നീതിമാനായ വിശ്വാസിയായിരുന്നു നോഹ, അതുകൊണ്ടു നോഹയോടും കുടുംബത്തോടും യെഹോവ നീതി കാണിച്ചു. മനുഷ്യപുത്രൻ വെളിപ്പെടുവാൻ ഇനി അധികം നാളില്ല. സ്വന്തം ജീവനെ നേടുവാനല്ല നമ്മളെ വിളിച്ചിരിക്കിക്കുന്നത് എന്ന ഉത്തമ ബോധ്യത്തോടെ അവിടുത്തെ രക്ഷ പ്രാപ്പിക്കാൻ സാധിച്ചാൽ നമ്മെ കൈക്കൊള്ളും ഇല്ലെൽ  കൈവിടും തീർച്ച.

ലൂക്കോസ് 17:33–36 "തന്റെ ജീവനെ നേടുവാൻ നോക്കുന്നവനെല്ലാം അതിനെ കളയും; അതിനെ കളയുന്നവനെല്ലാം അതിനെ രക്ഷിക്കും. ആ രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒന്നിച്ചു പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും (രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും) എന്നു ഞാൻ നിങ്ങളോടു പറയുന്നു".

നമ്മുടെ ദൈവം വാഗ്ദത്തത്തിൽ വിശ്വാസ്തനാണ്, അതിനാൽ നമ്മൾ നീതിയിലും, വിശുദ്ധിയിലും പൂർണത പ്രാപിച്ചു, യേശുവിനെപ്പോലെ ആകുകയും, അങ്ങനെ ആയിത്തിരുന്നവരെ ചേർക്കുവാൻ അവൻ വേഗം വരുന്നു എന്നതുകൊണ്ട് ഒരുങ്ങിയും ഉണർന്നും ഇരിപ്പീൻ .

പരാമർശം:

യോഹന്നാൻ 14:1,2,3

നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 003